# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം.
## തിരുവനന്തപുരം

വിഷയം: - ആ.വ.ഡ - ജീവനക്കാര്യം - പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : 1. ഉത്തരവ് നം.ഇ.എ 3-2863/2020/ആ.വ.ഡ, തീയതി.16.01.2020.

2. ഡോ.കാമ്യ മോഹൻ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നം.ഇ.എ 3 - 2863/2020 ആ.വ.ഡ, തീയതി.09.06.2021.**

ഡോ.കാമ്യ മോഹൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (I) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 06.06.2021 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു . എന്നാൽ പ്രവേശന കാലാവധി അവസാനിച്ചതിനാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ.കാമ്യ മോഹൻ -നെ അസിസ്റ്റന്റ് സർജൻ, **സാമൂഹികാരോഗ്യ കേന്ദ്രം,പാപ്പിനിശ്ശേരി, കണ്ണൂർ** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 14.06.2021 തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം, കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**ഒപ്പ്-**
**ഡോ. രമേശ്.ആർ.**
**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്-

ഡോ.കാമ്യ മോഹൻ, സോപാനം, പൊറ്റയിൽ ലൈൻ,
എം.ജി.റോഡ്, തൃശ്ശൂർ - 680004.

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ഓഫീസർ,(ആരോഗ്യം) കണ്ണൂർ.
(ഡോ.കാമ്യ മോഹൻ,-ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ, (എ&ഇ), തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം,പാപ്പിനിശ്ശേരി, കണ്ണൂർ.
(ടിയാളുടെ സേവനവിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.).
4. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

ടികെ